മേൽപ്പറഞ്ഞവ കൂടാതെ തീരദേശ വികസന കോർപ്പറേഷൻ മുഖേന സംയോജിത മത്സ്യഗ്രാമ വികസന പദ്ധതിയിൽ ഉൾപ്പെടുത്തി തെരഞ്ഞെടുക്കപ്പെട്ട മത്സ്യഗ്രാമങ്ങളിൽ 3525 എണ്ണം വ്യക്തിഗത ടോയ്‌ലെറ്റ് നിർമ്മാണത്തിന് ധനസഹായം അനുവദിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കിവരുന്നു.

പബ്ലിക് ടോയ്‌ലെറ്റുകൾ

ക്രമ നമ്പർ	പദ്ധതിയുടെ പേര്	യൂണിറ്റുകളുടെ എണ്ണം
1	സംയോജിത മത്സ്യഗ്രാമവികസന പദ്ധതി (2012-13) (2013-14) (2014-15)	34
2	മത്സ്യമേഖലയുടെ അടിസ്ഥാന സൗകര്യ വികസനവും മാനവശേഷി വികസനവും (2015-16)	1
	ആകെ	**35**

തീരദേശ കുടുംബങ്ങൾക്ക് കുടിവെള്ളം

124 (3231) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശ കുടുംബങ്ങൾക്ക് കുടിവെള്ളം ഉറപ്പാക്കുന്നതിന് ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) കുടിവെള്ളം ഉറപ്പാക്കിയിട്ടില്ലാത്ത എത്ര കുടുംബങ്ങൾ നിലവിലുണ്ട്; വിശദാംശം നല്കുമോ?

ഉത്തരം

(എ) തീരദേശ കുടുംബങ്ങൾക്ക് കുടിവെള്ളം ഉറപ്പാക്കുന്നതിന് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്തെ മത്സ്യഗ്രാമങ്ങളിൽ ഏകദേശം 93.1388 കോടി രൂപയുടെ 82 കുടിവെള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നു. ഇതിൽ 31 എണ്ണം പൂർത്തീകരിച്ച് പ്രവർത്തനസജ്ജമായിക്കഴിഞ്ഞു.

(ബി) 2010 സാമ്പത്തികവർഷത്തിൽ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ ഡെവലപ്മെന്റ് നടത്തിയ സർവ്വേപ്രകാരം 9 തീരദേശ ജില്ലകളിലെ ഏകദേശം 29000 വീടുകൾക്ക് കുടിവെള്ള ആവശ്യകത കണ്ടെത്തിയിരുന്നു. ഫിഷറീസ് വകുപ്പ് മുഖേന നടപ്പിലാക്കിവരുന്ന വിവിധ കുടിവെള്ള പദ്ധതിയിലൂടെ സംസ്ഥാനത്തെ മത്സ്യഗ്രാമങ്ങളിലെ ഏകദേശം 70 ശതമാനം കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

1437/2018.

LIBRARY ARCHIVES Kerala Legislative Assembly